(സി) ഭിക്ഷാടനത്തിനായി കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന റാക്കറ്റുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കർശന നടപടി സ്വീകരിക്കാനും ഉണ്ടായ കേസുകളിൽ പരമാവധി ശിക്ഷ ലഭിക്കും വിധം കേസന്വേഷണം നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഭിക്ഷാടനവും കുഞ്ഞുങ്ങളെ ഉപയോഗിച്ചുള്ള അധാർമ്മിക പ്രവർത്തികളും തടയുന്നതിനായി കർശന നിയമ നടപടി സ്വീകരിച്ചുവരുന്നു.

പ്രായപൂർത്തിയാകാത്ത കുട്ടികളെ വീട്ടുജോലിക്കായി കടത്തിക്കൊണ്ടുവരുന്നത് തടയാൻ നടപടി

17 [2497] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽനിന്ന് പ്രായപൂർത്തിയാകാത്ത കുട്ടികളെ വീട്ടുജോലിക്കായി കടത്തിക്കൊണ്ട് വരുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ ഇത്തരത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽപ്പെട്ട ഒരു കുട്ടി ഈ അടുത്ത കാലത്ത് കാസർഗോഡ് റെയിൽവേ സ്റ്റേഷനിൽ തീവണ്ടി തട്ടി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംഭവത്തിൽ ആർക്കെങ്കിലും എതിരെ കേസെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രായപൂർത്തിയാകാത്ത കുട്ടികളെ വീട്ടുജോലിക്കായി അന്യ സംസ്ഥാനങ്ങളിൽനിന്ന് കടത്തിക്കൊണ്ടുവരുന്ന ഈ പ്രവണതയ്ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യാപകമായി കടത്തിക്കൊണ്ടുവരുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2 കേസ്സുകൾ.

(സി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ക്രൈം 15/04 യു/എസ് അൺ നാച്ചുറൽ ഡെത്ത് ആയി കാസർഗോഡ് റെയിൽവേ പോലീസ് സ്റ്റേഷനിൽ 31-5-2004-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly